കായിക താരങ്ങളുടെ പാരിതോഷികം

149 [1867] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കായികതാരങ്ങൾക്ക് പാരിതോഷികമായി നൽകാനുള്ള സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ; ഓരോ കായിക താരത്തിനും പ്രഖ്യാപിച്ച സംഖ്യ എത്ര വീതമാണെന്ന് വിശദമാക്കുമോ ;

(ബി) 2001 മെയ് മാസം വരെ കായികതാരങ്ങൾക്ക് കൊടുത്തു തീർക്കാൻ ഉണ്ടായിരുന്ന സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കായികതാരങ്ങൾക്ക് 31-3-2003 വരെ നൽകാനുള്ള ക്യാഷ് അവാർഡ് തുക 1,13,83,309 രൂപയാണ്. 2003-2004-ന് ഏകദേശം 50,00,000 രൂപ വേണ്ടിവരും. കായികതാരങ്ങളുടെ അപേക്ഷകൾ കൂടി ലഭിച്ചാലേ കൃത്യമായ കണക്ക് തിട്ടപ്പെടുത്താൻ കഴിയുകയുള്ളു.

(ബി) 2001 മെയ് മാസം വരെ 1,40,50,000 രൂപ നൽകാനുണ്ടായിരുന്നു.

പിരപ്പൻകോട് അന്തർദേശീയ നീന്തൽകുളത്തിന്റെ നിർമ്മാണത്തിന് കേന്ദ്രസഹായം

150 [1868] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിരപ്പൻകോട് അന്തർദേശീയ നീന്തൽക്കുളത്തിന്റെ നിർമ്മാണം നിർത്തി വച്ചിട്ട് എത്ര കാലമായി ; ഇതിന്റെ പണി പൂർത്തിയാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതിന്റെ നിർമ്മാണത്തിന് കേന്ദ്രസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) നിർത്തിവയ്ക്കാൻ പ്രത്യേക ഉത്തരവൊന്നും നൽകിയിരുന്നില്ല. നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത കരാർകാരായ മെസ്സേഴ്സ് എച്ച്.എസ്.സി.എൽ. പണി നിർത്തിവെച്ചു. എന്നാൽ തുടർന്ന് ബാക്കിയുള്ള പണികൾ ചെയ്യുന്നതിന് ടെൻഡർ ക്ഷണിക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ടി. പണി 2005-2006 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly